"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട്, ചോമ്പാല ഉപജില്ലയിൽ ഉൾപ്പെടുന്ന ചാലിൽ കണ്ണൂക്കര എൽ.പി സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4290/2026/GEDN തീയതി,തിരുവനന്തപുരം, 30-06-2026

---

പരാമർശം:-

1. ചാലിൽ കണ്ണൂക്കര എൽ.പി സ്കൂൾ മാനേജർ സമർപ്പിച്ച 09.01.2026-ലെ റിവിഷൻ ഹർജി.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 10.03.2026-ലെ ഡിജിഇ/3882/2026-ജി2 നമ്പർ കത്ത്.

**ഉത്തരവ്**

ചോമ്പാല, ചാലിൽ കണ്ണൂക്കര എൽ.പി സ്കൂളിലെ ശ്രീമതി തസ്നി പി.-യുടെ ദിവസവേതന നിയമനം അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ച പരാമർശം (1) പ്രകാരം മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. ചാലിൽ കണ്ണൂക്കര എൽ.പി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) അധ്യാപകനായ ശ്രീ അബ്ദുൾ കരീം സി 31-05-2023 ന് സേവനത്തിൽ നിന്ന് വിരമിച്ച ഒഴിവിൽ, ശ്രീമതി തസ്നി പി യെ 07-08-2024 മുതൽ 28-03-2025 വരെ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) ഫുൾ ടൈം അധ്യാപികയായി മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും അംഗീകാരത്തിനായി പ്രൊപ്പോസൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.സ്ഥിരമായി നിയമിക്കാൻ ഉദ്ദേശിച്ച അധ്യാപകന് 07-08-2024 മുതൽ 28-03-2025 വരെയുള്ള കാലയളവിൽ ഹാജരാവാൻ സാധിക്കാത്തതിനാലാണ് ശ്രീമതി തസ്നി പി യെ നിയമിച്ചത് എന്ന മാനേജരുടെ വാദം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന കാരണത്താൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രൊപ്പോസൽ നിരസിച്ചു. പ്രസ്തുത നടപടിയ്ക്കെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും നിരസിച്ചിരുന്നു. തുടർന്നാണ് സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരിക്കുന്നത്.

3. സ്ഥിരമായി നിയമിക്കാൻ ഉദ്ദേശിച്ച അധ്യാപകന് പ്രസ്തുത കാലയളവിൽ ഹാജരാവാൻ സാധിക്കാത്തതിനാലാണ് ശ്രീമതി തസ്നി പി യെ നിയമിച്ചത് എന്ന മാനേജരുടെ വാദം

പരിഗണിക്കുവാൻ കഴിയാത്തതിനാൽ ചാലിൽ കണ്ണക്കര എൽ.പി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) അധ്യാപകനായ ശ്രീ അബ്ദുൾ കരീം സി 31-05-2023 ന് സേവനത്തിൽ നിന്ന് വിരമിച്ച സ്ഥിരം ഒഴിവിൽ മാനേജർ ശ്രീമതി തസ്നി പി യെ 07-08-2024 മുതൽ 28-03-2025 വരെ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) ഫുൾ ടൈം അധ്യാപികയായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച നടപടി അംഗീകരിക്കാൻ കഴിയില്ലെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്, കെ.ഇ.ആർ ചട്ടങ്ങൾ, നിലവിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ചാലിൽ കണ്ണക്കര എൽ.പി സ്കൂളിലെ ജൂനിയർ അറബിക് അധ്യാപകൻ വിരമിച്ചതിനെത്തുടർന്നുണ്ടായ സ്ഥിരം ഒഴിവിലേക്ക്, 07/08/2024 മുതൽ ശ്രീമതി തസ്നി പി.യെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച മാനേജരുടെ നടപടി നിലവിലുള്ള വിദ്യാഭ്യാസ ചട്ടങ്ങൾക്ക് (KER) വിരുദ്ധമാണ്. സ്ഥിരം ഒഴിവുകളിൽ കെ.ഇ.ആർ ചട്ടപ്രകാരം നിശ്ചിത യോഗ്യതയുള്ളവരെ സ്ഥിരനിയമന അടിസ്ഥാനത്തിൽ മാത്രമേ നിയമിക്കാൻ പാടുള്ളൂ എന്നിരിക്കെ, മറ്റൊരു അധ്യാപകന് ചുമതലയേൽക്കാൻ സാധിക്കാത്ത സാഹചര്യം ചൂണ്ടിക്കാട്ടി നടത്തിയ ഈ താൽക്കാലിക നിയമനം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചത് ചട്ടപരമായ കാരണങ്ങളാലാണ്. മാനുഷിക പരിഗണന നൽകി, ഒരു സ്ഥിരം തസ്തികയിൽ ചട്ടവിരുദ്ധമായി നടത്തിയ ദിവസവേതന നിയമനത്തിന് മുൻകാല പ്രാബല്യത്തോടെ അംഗീകാരം നൽകുന്നത് തെറ്റായ കീഴ്വഴക്കങ്ങൾക്ക് കാരണമാകും.

5. മേൽ സാഹചര്യത്തിൽ കണ്ണക്കര എൽ.പി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) അധ്യാപകനായ ശ്രീ അബ്ദുൾ കരീം സി 31-05-2023 ന് സേവനത്തിൽ നിന്ന് വിരമിച്ച സ്ഥിരം ഒഴിവിൽ മാനേജർ ശ്രീമതി തസ്നി പി യെ 07-08-2024 മുതൽ 28-03-2025 വരെ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) ഫുൾ ടൈം അധ്യാപികയായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച നടപടിയ്ക്ക് അംഗീകാരം നല്കണമെന്ന ആവശ്യം നിരസിച്ചു കൊണ്ട് പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SAVITHA M V

**അണ്ടർ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,ചോമ്പാല കോഴിക്കോട്

മാനേജർ, ചാലിൽ കണ്ണൂക്കര എൽ.പി സ്കൂൾ, ചോമ്പാല

ശ്രീമതി.തസ്നി പി, അറബിക്ക് അധ്യാപിക, ചാലിൽ കണ്ണൂക്കര എൽ.പി സ്കൂൾ, ചോമ്പാല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം

വിവര പൊതു ജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 30-06-2026 13:18:30
സെക്ഷൻ ഓഫീസർ